**'ഭരണഭാഷ-മാതൃഭാഷ'**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൺസ്യൂമർ ഫെഡിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.6134/2025/ധന തീയതി, തിരുവനന്തപുരം, 23-07-2025

---

പരാമർശം : 1. 23/05/2025 തീയതിയിലെ ചെങ്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എ5-1046422/25 നം. കത്ത്

2. 13/05/2023 തീയതിയിലെ പാറശ്ശാല സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

2022-2023 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കൽ ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥ ആയി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ (1) 232/22-23 (അംഗനവാടികളിൽ പ്രഷർകുക്കർ വാങ്ങൽ), (2) 293/22-23 (അംഗനവാടി നമ്പർ 143, 144 എന്നിവയ്ക്ക് ഫർണിച്ചർ വാങ്ങൽ) എന്നീ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി സംരക്ഷണ ഫണ്ട് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും കൺസ്യൂമർ ഫെഡിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 1,07,418/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് ചെങ്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ പാറശ്ശാല സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 2022-2023 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്കൽ ഗ്രാമപഞ്ചായത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥ ആയി

നടപ്പിലാക്കിയ ' അംഗനവാടികളിൽ പ്രഷർകുക്കർ വാങ്ങൽ ', 'അംഗനവാടി നമ്പർ 143, 144 എന്നിവയ്ക്ക് ഫർണിച്ചർ വാങ്ങൽ' എന്നീ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി കൺസ്യൂമർ ഫെഡിന് നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ സംരക്ഷണ ഫണ്ടിന്റെ 3604-00-200-82-05 -00-00-NV (നോൺ റോഡ് ) ശീർഷകത്തിൽ നിന്നും ചെങ്കൽ ഗ്രാമപഞ്ചായത്തിന് (G011101) ₹ 1,07,418/- (ഒരു ലക്ഷത്തി ഏഴായിരത്തി നാനൂറ്റി പതിനെട്ട് രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ചെങ്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ചെങ്കൽ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3207016)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ